ഹരിതകേരളം മിഷൻ
കേരള സർക്കാർ

28.10.2020

## പത്രക്കുറിപ്പ്

# ഹരിത ക്യാമ്പസുകളായി ഐ.ടി.ഐകൾ
## പ്രഖ്യാപനം വെള്ളിയാഴ്ച മന്ത്രി ടി.പി രാമകൃഷ്ണൻ നിർവഹിക്കും

സംസ്ഥാനത്തെ ഐ.ടി.ഐ കാമ്പസുകൾ ഹരിത ക്യാമ്പസുകളാക്കുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രഖ്യാപനം വെള്ളിയാഴ്ച (30.10.2020) ഓൺലൈനായി ബഹു. എക്സൈസ്, തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ശ്രീ.ടി.പി.രാമകൃഷ്ണൻ നിർവഹിക്കും. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ. സീമ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ ഡോ.എസ്.ചിത്ര ഐ.എ.എസ്, ഹരിതകേരളം മിഷൻ കൃഷി ഉപവിഭാഗം കൺസൾട്ടന്റ് എസ്.യു.സഞ്ജീവ് എന്നിവർ പങ്കെടുക്കും. വ്യാവസായിക വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ.ജസ്റ്റിൻ രാജ് റിപ്പോർട്ട് അവതരിപ്പിക്കും. വ്യാവസായിക പരിശീലന വകുപ്പിന്റെയും ഹരിതകേരളം മിഷന്റെയും സംയുക്ത നേതൃത്വത്തിൽ ഐ.ടി.ഐ കഴക്കൂട്ടം (തിരുവനന്തപുരം), ഐ.ടി.ഐ ചന്ദനത്തോപ്പ് (കൊല്ലം), ഐ.ടി.ഐ ചെന്നീർക്കര (പത്തനംതിട്ട), ഐ.ടി.ഐ കട്ടപ്പന (ഇടുക്കി), വനിത ഐ.ടി.ഐ ചാലക്കുടി (തൃശൂർ), ഐ.ടി.ഐ മലമ്പുഴ (പാലക്കാട്), ഐ.ടി.ഐ വാണിയംകുളം (പാലക്കാട്), ഐ.ടി.ഐ അരീക്കോട് (മലപ്പുറം), വനിത ഐ.ടി.ഐ കോഴിക്കോട് (കോഴിക്കോട്), ഐ.ടി.ഐ കൽപ്പറ്റ (വയനാട്), ഐ.ടി.ഐ പുല്ലൂർ (കാസറഗോഡ്) എന്നീ 11 ഐ.ടി.ഐകളാണ് ഹരിതക്യാമ്പസ് ഒരുക്കിയത്.

കേരളം മുൻവർഷങ്ങളിൽ നേരിട്ട മഹാപ്രളയത്തിൽപ്പെട്ട നിരവധി പേരുടെ കേടുപാടുകൾ വന്ന വിവിധ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കി നൽകാൻ രംഗത്തിറങ്ങിയ കേരളത്തിലെ ഐ.ടി.ഐകളിലെ അധ്യാപക -വിദ്യാർത്ഥി കൂട്ടായ്മയായ നൈപുണ്യ കർമ്മസേനയുടെ തുടർച്ചയാണ് ഐ.ടി.ഐ ഹരിതക്യാമ്പസ്. ഓരോ ചുറ്റുവട്ടവും പ്രകൃതി സൗഹൃദമാക്കാനും പ്രകൃതി പുനസ്ഥാപനത്തിന് സാധ്യമായതൊക്കെ ചെയ്യാനുമുള്ള സംസ്ഥാന സർക്കാരിന്റെ സഫലമായ ശ്രമമാണിത്. രണ്ടാം ഘട്ടത്തിൽ കൂടുതൽ ഐ.ടി.ഐകളെയും മറ്റ് കലാലയങ്ങളെയും ഉൾപ്പെടുത്തി ഹരിതക്യാമ്പസ് പദ്ധതി വിപുലമാക്കുമെന്ന് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ പറഞ്ഞു. ഐ.ടി.ഐ ഹരിതക്യാമ്പസ് പ്രഖ്യാപനത്തെ തുടർന്ന് ഈ പദവി കൈവരിച്ച സ്ഥാപനങ്ങളിൽ നടക്കുന്ന ചടങ്ങിൽ അനുമോദന പത്ര സമർപ്പണവും നടക്കും. www.facebook.com/harithakeralamission ഫേസ്ബുക്കിൽ ചടങ്ങുകളുടെ ലൈവ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഹരിതകേരളം മിഷൻ
9895882812